**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2843** **18-03-2022 - ൽ മറുപടിയ്ക്ക്**

**ചിറ്റൂർ താലൂക്കിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിന് നൽകിയ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ താലൂക്കിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി മണ്ണാർക്കാട് -1 വില്ലേജിൽ പതിച്ചു നൽകിയ ഭൂമി ഇപ്പോഴും തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണ്ണാർക്കാട്-1 വില്ലേജിൽ തത്തേങ്ങലത്ത് 253 പേർക്ക് നിക്ഷിപ്തവനഭൂമി പതിച്ചു നൽകിയിട്ടുണ്ട്. നിലവിൽ ആരും തന്നെ ടി സ്ഥലത്ത് താമസിക്കുന്നില്ല. |
| (ബി) | ഇവിടെ ആർക്കെല്ലാം എത്ര വീതം ഭൂമിയാണ് പതിച്ചു നൽകിയതെന്ന് വിശദമാക്കാമോ; | (ബി) | ഭൂമി അനുവദിച്ച 253 പേരിൽ 177 പേർക്ക് ഒരേക്കർ വീതവും, 76 പേർക്ക് അവരുടെ കൈവശഭൂമി കഴിച്ച് ബാക്കി ഒരേക്കർ തികയ്ക്കുന്നതിനായി 72 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്ത് പട്ടികവർഗ്ഗക്കാർക്ക് വീട്, കുടിവെള്ളം, വൈദ്യുതി, ജലസേചനം എന്നിവ ഏർപ്പെടുത്തുന്നതിനും ദീർഘകാല വിളകൾ കൃഷി ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ഭൂമി ലഭിച്ചവരിൽ ഭൂരിഭാഗം പേരും ചിറ്റൂർ താലൂക്കിൽ നാമമാത്രമായി ഭൂമിയും വീടുമുള്ളവരാണ്. ഇവിടെ നിന്നും വളരെ വിദൂര സ്ഥലത്ത് ലഭിച്ച ഭൂമിയിൽ വീട് വച്ച് താമസിക്കുവാൻ ഇവർ തയ്യാറാകുന്നില്ല. ഭൂമി ലഭിച്ച ഗുണഭോക്താക്കളുടെ സഹകരണത്തോടെ വീടും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇതിനുവേണ്ടി എന്തെല്ലാം പദ്ധതികൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | മണ്ണാർക്കാട് ബ്ലോക്ക് പ്രോഗ്രാം ഓഫീസ് മുഖേനെ MNREGS-യിൽ ഉൾപ്പെടുത്തി വിവിധ അടിസ്ഥാന വികസന പ്രവർത്തികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തത്തേങ്ങലത്ത് പതിച്ചു നൽകിയ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിദഗ്ധ ഏജൻസികളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ